## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1376 — 13.06.2014-ലെ മറുപടിക്ക്

## പാലിന്റെ ഗുണനിലവാര പരിശോധന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.എം. ഉമ്മർ മാസ്റ്റർ<br>" പി. ഉബൈദുള്ള<br>" എൻ. എ. നെല്ലിക്കുന്ന്<br>" എം.ഉമ്മർ | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാരം പരിശോധിക്കാൻ നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ ; | (എ) ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ആക്ട് 2006 നിലവിൽ വന്നതോടു കൂടി ഗുണനിലവാരമില്ലാത്തതും മായം കലർന്നതുമായ പാലിന്റെ വിതരണം തടയുന്നതിനുള്ള അധികാരം ഫുഡ് സേഫ്റ്റി കമ്മീഷണർക്കാണ്. ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള 2 സ്റ്റേറ്റ് ലെവൽ ഡയറി ലാബുകളിലും 14 ജില്ലകളിലുമുള്ള ക്വാളിറ്റി കൺട്രോൾ ലാബുകളിലും പരിശോധിക്കുന്ന പാൽ സാമ്പിളുകളുടെ റിപ്പോർട്ട് തുടർനടപടികൾക്കായി ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് നൽകിവരുന്നു.ഗുണനിലവാരം കുറഞ്ഞതോ മായം കലർന്നതോ ആയ സാമ്പിളുകൾ കൂടുതൽ പരിശോധനക്ക് സ്റ്റേറ്റ് ഡയറി ലാബിൽ അയച്ചുകൊടുക്കുന്നു. ഭക്ഷ്യസുരക്ഷാകമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലുള്ള അനലെറ്റിക്കൽ ലാബുകളിലും പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുന്നുണ്ട്. കൂടാതെ മിൽമയിൽ നിന്നുംവിതരണം ചെയ്യപ്പെടുന്ന പാലും പാലുൽപ്പന്നങ്ങളും നിശ്ചിത ഗുണ നിലവാരം ഉള്ളവയാണെന്ന് ഉറപ്പുവരുത്തുന്നതിനു വേണ്ടി സുസജ്ജമായ ഗുണനിലവാര പരിശോധനാ ലാബുകൾ മിൽമയുടെ കീഴിലുള്ള എല്ലാ ഡയറികളിലും സജ്ജീകരിച്ചിട്ടുണ്ട്. |
| (ബി) പരിശോധനാ സംവിധാനത്തിന്റെ അഭാവം മുതലെടുത്ത് നിലവാരമില്ലാത്ത പാലും പാലുൽപ്പന്നങ്ങളും അന്യ സംസ്ഥാനങ്ങളിൽ നിന്നു കൊണ്ടുവന്ന് വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(സി) പാലും പാലുൽപ്പന്നങ്ങളും കൊണ്ടുവരുന്നതിന് ഏജൻസികൾക്ക് ലൈസൻസ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

(സി) പാലും പാലുല്പന്നങ്ങളും കൊണ്ട് വരുന്നതിന് ഏജൻസികൾക്ക് ഭക്ഷ്യ സുരക്ഷാ ഗുണനിലവാരമനുസരിച്ച് ലൈസൻസോ രജിസ്ട്രേഷനോ നിർബന്ധമാണ്.

സെക്ഷൻ ഓഫീസർ